**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1624** **15-03-2022 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി കഴിഞ്ഞ 5 വർഷക്കാലം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | (a) കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സംയോജിത കൃഷി സംവിധാനം. 1. വെർട്ടിക്കൽ ഫാമിംഗ് സിസ്റ്റം 2. കോഴി വളർത്തൽ ഷെഡ് 3. ഹൈടെക് ആട് വളർത്തൽ ഷെഡ് 4. താറാവ് ഷെഡും കുളവും 5. IFS ഭാഗത്ത് തറയോട് ഇട്ട് വൃത്തിയാക്കൽ 6. സൗരോർജ്ജ വിളക്കുകൾ 7.സ്റ്റീൽ കൊണ്ട് തയ്യാറാക്കിയ മുയൽ കൂട്ടുകൾ 8. മുയൽ കൂട്ടുകൾക്ക് സംരക്ഷണം നൽകുന്ന ഷെഡ് (b) ക്യാപിറ്റൽ ഔട്ട്ലേയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ 1. ഫാം ഓഫീസ് കെട്ടിട നവീകരണവും ശുചിമുറി നിർമ്മാണവും 2. വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം 3. പഴയ ഷെഡിനെ ട്രെയിനിംഗ് ഹാളാക്കി മാറ്റൽ (c) ആർ.കെ.വി.വൈ-യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ 1. ജലസേചന ടാങ്ക് നിർമ്മാണം 2. പോത്തിൻ തൊഴുത്ത് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും 3. പമ്പ് ഹൗസ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും 4. കന്നുകാലി ഷെഡ് നിർമ്മാണം (d) SMAF (സബ്മിഷൻ ഓൺ അഗ്രോഫോറസ്ട്രി എന്ന കേന്ദ്രസംസ്ഥാന സർക്കാർ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയവ വിപണന കേന്ദ്രം, മിനി ലാബ്, കോൺഫറൻസ് റൂം, ഓഫീസ് റൂം, സീഡ് സ്റ്റോർ, ഫെർട്ടിലൈസർ സ്റ്റോർ, മഴ മറ, പോളി ഹൗസ്, പോട്ടിംഗ് ഷെഡ്, വെർമ്മി കമ്പോസ്റ്റ് യൂണിറ്റ്, സ്റ്റെറിലൈസേഷൻ യൂണിറ്റ് |
| (ബി) | ഫാമിന്റെ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ - 'ഇന്റഗ്രേറ്റഡ് ഫാം മാനേജ്മെന്റ് ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ്" എന്ന RKI പദ്ധതിയിൽ 10 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ KLDC ഏറ്റെടുത്ത് നടത്തിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു. 1. |

| | | | |
|---|---|---|---|
| | | | ഗസ്റ്റ്ഹൗസ് കം ട്രെയിനിംഗ് സെന്റർ 2. ചെറുകിട മൂല്യവർദ്ധിത യൂണിറ്റ് 3. ചെക്ക് ഡാം 4. ഹൈടെക് ഘടനകളുടെ നിർമ്മാണം ആർ.കെ.വി.വൈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നവ 1. സംയോജിതമായുള്ള മത്സ്യകൃഷിയും കോഴിവളർത്തലും 2. കൃത്രിമ മത്സ്യകുളം നിർമ്മാണം 3. സസ്യ മ്യൂസിയം സ്ഥാപിക്കൽ 4. വിൽപന ഗാലറി സ്ഥാപിക്കൽ 5. കൂൺകൃഷി ശാല നിർമ്മാണം ഇവയുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. |
| (സി) | 104 സ്ഥിരം തൊഴിലാളികളും 164 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്യുന്ന കൃഷി ഫാമിലെ സ്റ്റാഫ് സ്ട്രെങ്ത് ഇപ്പോഴും 111 ആയി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | 200 ഏക്കറിലധികം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷിതോട്ടത്തിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | 164 കാഷ്വൽ തൊഴിലാളികളിൽ ഭൂരിഭാഗം പേരും കഴിഞ്ഞ 14 വർഷത്തോളമായി ജോലി ചെയ്തു വരുന്ന സാഹചര്യത്തിൽ കൃഷി ഫാമിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിച്ച് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ